**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 55** **11-06-2024 - ൽ മറുപടിയ്ക്ക്**

**ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായകേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ചും ഓരോ നിയോജക മണ്ഡലത്തിലും ഒരു വ്യവസായകേന്ദ്രം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംരംഭമേഖലയിൽ സർക്കാർ നടത്തുന്ന വിവിധ പദ്ധതികളും പ്രവർത്തനങ്ങളും ജില്ല വ്യവസായ കേന്ദ്രങ്ങൾ വഴിയും താലൂക്ക വ്യവസായ ഓഫീസുകൾ വഴിയും നിലവിൽ ഏകോപിപ്പിച്ചു വരുന്നുണ്ട്. പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലെ സംരംഭങ്ങളുടെ വിപുലീകരണ നടത്തുന്നതിനും അത് വഴി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സംവിധാനം സഹായമാകുന്നുണ്ട്.<br><br>സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 4 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത 2,48,787 സൂക്ഷ്മ-ചെറുകിട-ഇടത്തര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് വഴ 15842 കോടി രൂപയുടെ നിക്ഷേപവു 5,29,389 പേർക്ക് തൊഴിലവസരങ്ങള സൃഷ്ടിച്ചിട്ടുണ്ട്. ഒരു നിയോജക മണ്ഡലത്തിൽ ശരാശരി 1777 സൂക്ഷ്മ ചെറുകിട ഇടത്തര സംരംഭങ്ങൾ കഴിഞ്ഞ രണ്ട വർഷക്കാലയളവിൽ സംസ്ഥാനത്ത ആരംഭിച്ചിട്ടുണ്ട്. കൂടാതെ KSIDC മുഖേന വലിയ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | ഇത്തരത്തിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്കുള്ള അനുമതികൾ ഏകജാലകം വഴി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കേരളത്തിൽ ബിസിനസ്സ് നടത്തുന്നത് സുഗമമാക്കുക എന്ന ഉദ്ദേശത്തോടുകൂടി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ 2017 ലെ 22-മത് നമ്പർ ഓർഡിനൻസായി "കേരള ഇൻവെസ്റ്റ്മെന്റ് |

| | | | |
|---|---|---|---|
| | | | പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്'' സർക്കാർ പുറപ്പെടുവിക്കുകയും പ്രസ്തുത ഓർഡിനൻസ് നിയമസഭയിൽ ബിൽ ആയി അവതരിപ്പിച്ച് നിയമമാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ്വെയർ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ